"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് - പത്തനംതിട്ട ജില്ലയിലെ നെടുമൺ ഗവ. വി.എച്ച്.എസ്.എസ്-ൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്യുന്ന ശ്രീ. ഷിജു. എസ്. ആർ-ന് പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.3769/2026/GEDN തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:- 07.02.2025, 06.05.2026 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ VHSE/102/2025-E6 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗവ. വി.എച്ച്.എസ്.എസ്-ൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ശ്രീ. ഷിജു. എസ്. ആർ., 07.10.2024 തീയതിയിൽ വീട്ടിൽനിന്നും സ്കൂളിലേക്ക് പോകുന്ന വഴിക്കു ബൈക്കിൽ നിന്നും തെന്നി വീണ് വലതു കൈയ്ക്ക് ഗുരുതരമായ പൊട്ടൽ ഉണ്ടായി ഹ്യമറസ് സർജറിക്ക് വിധേയമായതിനെത്തുടർന്ന് 07.10.2024 മുതൽ 05.12.2024 വരെ വിശ്രമം ആവശ്യമായി വരികയും ആയതിനാൽ പ്രസ്തുത കാലയളവിലേക്ക് പ്രത്യേക അവശതാവധി അനുവദിച്ചു കിട്ടുന്നതിനായി ശ്രീ. ഷിജു. എസ്. ആർ സമർപ്പിച്ച ലീവ് അപേക്ഷയും അനുബന്ധ രേഖകളും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. ശ്രീ.ഷിജു.എസ്.ആർ-ന്റെ അവധി അപേക്ഷയും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന് അപകടത്തെത്തുടർന്നുണ്ടായ ചികിത്സയ്ക്കും ആരോഗ്യം വീണ്ടെടുക്കുന്നതിനും അവധി അനിവാര്യമായിരുന്നതായി കാണുന്നു. ആയതിനാൽ, പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗവ. വി.എച്ച്.എസ്.എസ്-ൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റായി (MLT) ജോലി ചെയ്തിരുന്ന ശ്രീ. ഷിജു. എസ്. ആർ-ന് 07.10.2024 മുതൽ 05.12.2024 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിയാ ലത്തീഫ് എ

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

**Sri. Shiju. S.R, Laboratory Technical Assistant(formerly), Govt.VHSS, Kalanjoor,**

**Pathanamthitta, PIN - 689 694**

പ്രിൻസിപ്പൽ, ഗവ. വി.എച്ച്.എസ്.എസ്, കലഞ്ഞൂർ, പത്തനംതിട്ട, പിൻ - **689694**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (**A&E/Audit**), കേരള, തിരുവനന്തപുരം

വിവര-പൊതുജനസമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ് *(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

കരുതൽ ഫയൽ/കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
Date: 04-06-2026 13:12:07

സെക്ഷൻ ഓഫീസർ